<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1682</u> <u>11-10-2024 - ൽ മറുപടിയ്ക്ക്</u>

<u>ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാൾ നിയമനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ ഉടമസ്ഥതയിൽ എത്ര ആർട്സ് & സയൻസ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; എത്ര കോളേജുകളിൽ നിലവിൽ സ്ഥിരം പ്രിൻസിപ്പാൾമാർ ഉണ്ട്; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 64 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 30 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ നിലവിൽ സ്ഥിരം പ്രിൻസിപ്പാൾമാരുണ്ട്. |
| (ബി) | പി.എസ്.സി. അംഗീകരിച്ച പട്ടിക പ്രകാരം നിയമിച്ചിട്ടുള്ള പ്രിൻസിപ്പാൾമാരെ ഇപ്പോഴും പ്രൊവിഷണലായി തുടരാൻ അനുവദിച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | OA No. 828/2024 മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 21.08.2023 ൽ പുറപ്പെടുവിച്ച വിധി പ്രകാരമാണ് 23.08.2023 തീയതിയിലെ സ.ഉ.(സാധാ)നം. 1320/2023/HEDN ഉത്തരവ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിൽ പ്രൊവിഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവായത്. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ വിധി വരുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രിൻസിപ്പാൾ നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഹർജി സമയബന്ധിതമായി തീർപ്പാക്കാതെ നീട്ടിക്കൊണ്ടുപോകുന്നത് ജൂനിയറായ അധ്യാപകർക്ക് പ്രിൻസിപ്പാൾമാരുടെ ചുമതല നൽകുന്നതിന് വേണ്ടിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട കേസിൽ ബഹു. ഹൈക്കോടതി തീർപ്പ് കല്പിച്ച് ഉത്തരവായതു പ്രകാരം OA No. 828/2024 മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ വിധി ലഭ്യമാക്കുന്നതിനായി നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (ഡി) | സർവകലാശാല ചട്ടപ്രകാരം സീനിയർ അധ്യാപകർക്ക് പ്രിൻസിപ്പാൾമാരുടെ ചുമതല നൽകണമെന്ന വ്യവസ്ഥ സർക്കാർ പാലിക്കുന്നുണ്ടോ; | (ഡി) | പാലിക്കുന്നുണ്ട്. |
| (ഇ) | പി.എസ്.സി. അംഗീകരിച്ച പ്രിൻസിപ്പാൾ പട്ടികയിലില്ലുള്ളവരെ ഒഴിവാക്കി, ഒരു ജൂനിയർ അധ്യാപകന് കോട്ടയം നാട്ടിക ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളിന്റെ ചുമതലയും കോട്ടയം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതലയും നൽകിയിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ? | (ഇ) | കോട്ടയം സർക്കാർ കോളേജിൽ സ്ഥിരം പ്രിൻസിപ്പാൾ ഇല്ലാത്തതിനാൽ ടി സ്ഥാപനത്തിലെ വൈസ് പ്രിൻസിപ്പാളും ഏറ്റവും സീനിയറുമായ അധ്യാപകന് പ്രിൻസിപ്പാളിന്റെ പൂർണ്ണ അധിക ചുമതല കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നൽകിയിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ കോട്ടയം മേഖല ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിലവിൽ |

| | | | |
|---|---|---|---|
| | | | സ്ഥിരം ഡെപ്യൂട്ടി ഡയറക്ടർ ഇല്ലാത്തതിനാൽ സമീപ സ്ഥാപനമെന്ന നിലയിലും കോട്ടയം ജില്ലയിലെ ഏക സർക്കാർ കോളേജ് ആയതിനാലും കോട്ടയം സർക്കാർ കോളേജ് പ്രിൻസിപ്പാൾ ഇൻ ചാർജ്ജിന് കോട്ടയം മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതലയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ